12
2026
നവംബർ
വ്യാഴം
തുലാം 26

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 209 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-209 പേജ് 4. വില 2.00 രൂപ



02 ഏഷ്യയിലെ ഏറ്റവും വലിയ ബീച്ച്സൈഡ് സ്റ്റാർട്ടപ്പ് ഫെസ്റ്റ് നവംബർ 12ന്

03 ജൈവമാലിന്യം മത്സ്യത്തീറ്റയാക്കി മാറ്റാം സിഎംഎഫ്ആർഐയിൽ വിന്റർ സ്കൂളിന് തുടക്കം

04 യുഡിഐഡി കാർഡ് വിതരണത്തിൽ മികച്ച മുന്നേറ്റവുമായി കേരളം

തീരദേശവാസികൾക്ക് പ്രത്യേക അവകാശ നിയമം വേണം: എൻ.കെ. പ്രേമചന്ദ്രൻ എം.പി.



കൊല്ലം: വനാവകാശ നിയമത്തിന് സമാനമായി തീരദേശ ജനതയുടെ ജീവനും ജീവനോപാധികൾക്കും സംരക്ഷണം നൽകുന്ന 'കടലവകാശ നിയമം' (ഞശഴവമേ ടേടലമ അരമേ) നടപ്പിലാക്കണമെന്ന് എൻ.കെ. പ്രേമചന്ദ്രൻ എം.പി. ആവശ്യപ്പെട്ടു. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷൻ (കഡഇടടഞ്ഞ) കൊല്ലത്ത് സംഘടിപ്പിച്ച 'കേരളത്തിലെ ബ്ലൂ ഇക്കോണമിയും തീരദേശ ആശങ്കകളും: പരമ്പരാഗത മത്സ്യബന്ധന മേഖല നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിലെ ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

'മിഷൻ സമുദ്ര' പദ്ധതിക്ക് കീഴിൽ നടപ്പിലാക്കുന്ന ബ്ലൂ ഇക്കോണമി നയങ്ങൾക്കെതിരെ സംസ്ഥാന സർക്കാർ ജാഗ്രത പുലർത്തണമെന്ന് എം.പി. നിർദ്ദേശിച്ചു. കാലാവസ്ഥാ വ്യതിയാനവും കോർപ്പറേറ്റ് കടന്നുകയറ്റവും കാരണം കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ കടുത്ത പ്രതിസന്ധിയിലാണ്. കേന്ദ്ര സർക്കാരിന്റെ ആഴക്കടൽ ഖനന പദ്ധതികൾ സമുദ്ര ജൈവവൈവിധ്യത്തെ തകർക്കുന്നതിനൊപ്പം പ്രാദേശിക തൊഴിലവസരങ്ങൾ ഇല്ലാതാക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. ബ്ലൂ ഇക്കോണമി പദ്ധതിക്ക് പിന്നിലെ കോർപ്പറേറ്റ് അജണ്ടകളെക്കുറിച്ച് തിരുവനന്തപുരം ലത്തീൻ അതിരൂപത വികാരി ജനറൽ ഫാ. യൂജിൻ എച്ച്. പെരേര സംസാരിച്ചു. പ്രാദേശിക ജനവിഭാഗങ്ങളെ ചൂഷണം ചെയ്ത് സമുദ്രസമ്പത്ത് കൊള്ളയടിക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യമെന്ന് അദ്ദേഹം ആരോപിച്ചു. വിഴിഞ്ഞം തുറമുഖ പദ്ധതി ഇവിടുത്തെ പ്രദേശവാസികൾക്ക് ഇതിനകം തന്നെ വലിയ ബാധ്യതയായി മാറിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിവിധ വിഷയങ്ങളിൽ നടന്ന ചർച്ചകൾക്ക് എം.ജി. സർവകലാശാല സിൻഡിക്കേറ്റ് അംഗം പ്രൊഫ. രാജേഷ് കോമത്ത്, പ്രൊഫ. ജോസഫ് ആന്റണി എന്നിവർ നേതൃത്വം നൽകി. എ.ജെ. വിജയൻ, കെ.വി. തോമസ്, ഫാ. സജിമോൻ, റോബർട്ട് പനിപ്പിള്ള, ചാൾസ് ജോർജ്ജ് എന്നിവരും വിവിധ പഞ്ചായത്തുകളിലെയും കൊല്ലം കോർപ്പറേഷനിലെയും ജനപ്രതിനിധികളും ചർച്ചയിൽ പങ്കെടുത്തു. ശിൽപശാലയ്ക്ക് ഐ.യു.സി.എസ്.എസ്.ആർ.ഇ. ഡയറക്ടർ കെ.എം. സീതി സ്വാഗതം ആശംസിച്ചു.

വൈദ്യുതി പ്രതിസന്ധിക്ക് ശാശ്വത പരിഹാരം ഉടൻ : മുഖ്യമന്ത്രി

പുതിയ നിയമനിർമാണത്തിനും ബില്ലുകൾ പാസാക്കാനുമായി നവംബർ 30 മുതൽ ഡിസംബർ 10 വരെ നിയമസഭാ സമ്മേളനം വിളിച്ചുചേർക്കാൻ ഗവർണറോട് ശിപാർശ ചെയ്യാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി വി ഡി സതീശൻ. മന്ത്രിസഭാ യോഗത്തിനു ശേഷം സെക്രട്ടേറിയറ്റിൽ നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള സംസ്ഥാന കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളും ചില ശുപാർശകൾ നിരസിച്ചതിന്റെ കാരണങ്ങളും ഉൾപ്പെടുത്തിയ റിപ്പോർട്ടിന് മന്ത്രിസഭ അംഗീകാരം നൽകി. ഇത് നിയമസഭയിൽ സമർപ്പിക്കും. കാസർഗോഡ് - വയനാട് 400 കെ വി പവർ ട്രാൻസ്മിഷൻ ലൈൻ നിർമാണവുമായി ബന്ധപ്പെട്ട് കൂടുതൽ സൗകര്യമൊരുക്കാൻ പുതിയ പാക്കേജ് അനുവദിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് ശാശ്വത പരിഹാരം ഈ മാസം തന്നെ കണ്ടെത്തും. കഴിഞ്ഞ 10 വർഷമായി ദീർഘകാല കരാറുകൾ ഉണ്ടാക്കാതെ ഹ്രസ്വകാല വാങ്ങലുകളെ മാത്രം ആശ്രയിച്ചതാണ് നിലവിലെ പ്രതിസന്ധിക്ക് പ്രധാന കാരണം. നിലവിൽ സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതിയുടെ 15 ശതമാനം മാത്രമാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. റൂഫ് ടോപ്പ് സോളാർ ഉൽപ്പാദനം നടന്നെങ്കിലും പീക്ക് അവറുകളിൽ ഉപയോഗിക്കാനുള്ള ബാറ്ററി സ്റ്റോറേജ് സൗകര്യം മുൻപ് നടപ്പിലാക്കാതിരുന്നതും പ്രശ്നം വർദ്ധിപ്പിച്ചു.

നിലവിൽ ലഭ്യമായതിൽവച്ച് ഏറ്റവും കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി സർക്കാർ വാങ്ങും. ഈ മാസം തന്നെ പുതിയ ദീർഘകാല - ഹ്രസ്വകാല കരാറുകളിൽ ഏർപ്പെടും. ഭാവിയിലെ വൻതോതിലുള്ള വൈദ്യുതി ആവശ്യം മുൻനിർത്തി സോളാർ വഴി 6000-7000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും ബാറ്ററി സ്റ്റോറേജ് സംവിധാനം കൊണ്ടുവന്ന് സംരക്ഷിക്കുകയും ചെയ്യും. എൻടിപിസി വഴി സിന്നാറിൽ നിന്ന് ലഭിക്കുന്ന 340 മെഗാവാട്ട് വൈദ്യുതി ഘട്ടാനുസൃതമായി 640 മെഗാവാട്ടായും പിന്നീട് 1000 മെഗാവാട്ടായും ഉയർത്താൻ ശ്രമിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

എ ഐ ബുദ്ധിയും കടൽ നിയമങ്ങളും 'ഫ്രം ഡോക്ക് ടു ഡീപ് സീ' പ്രകാശനം ചെയ്തു



കൊച്ചി.കേരളത്തിലെ പ്രമുഖനായ മാരിടൈം നിയമ വിദഗ്ധനും ഈ രംഗത്ത് ലോകമറിയുന്ന കേരള ഹൈക്കോടതിയിലെ സീനിയർ അഡ്വക്കേറ്റുമായ ശ്രീ.വി.ജെ മാത്യു രചിച്ച മാരിടൈം മേഖലയിലെ എ.ഐ സങ്കേതങ്ങളും,കടൽനിയമങ്ങളും ദിശാസൂചകങ്ങളാവുന്ന 'ഫ്രം ഡോക് ടു ഡീപ് സീ' എന്ന സമഗ്ര ഗ്രന്ഥം കൊച്ചിയിൽ ഹൈക്കോടതി ജഡ്ജി എ.കെ ജയശങ്കരൻ നമ്പ്യാർ ഹൈക്കോടതി ജഡ്ജിയായ വി.രാജാവിജയരാഘവനുനൽകിക്കൊണ്ടു പ്രകാശനം ചെയ്തു.

ശ്രീ. വി ജെ മാത്യുകേരള മാരിടൈം ബോർഡ് ചെയർമാൻ സ്ഥാനത്തിരുന്നുകൊണ്ട് മാരിടൈം ബോർഡിനു വ്യക്തമായ ദിശാബോധവും കാഴ്ചപ്പാടും രൂപപ്പെടുത്തി.തുറമുഖങ്ങളിലൂടെ കേരളത്തിന്റെ വികസനവും പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ടു ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് നയരേഖ രൂപപ്പെടുത്തുകയും നടപ്പിലാക്കുകയുംചെയ്ത ക്രാന്തദർശിയാണ്ശ്രീ.വിജെ മാത്യു. ഈ കാലയളവിലാണ് വിഴിഞ്ഞം മൈനർ തുറമുഖത്തിന്റെ ഔട്ടർ ആങ്കറേജിൽ മദർഷിപ്പുകൾ ഉൾപ്പെടെ എഴുനൂറോളം കപ്പലുകൾ ക്രൂചെയിഞ്ച് നടത്തി ചരിത്രം സൃഷ്ടിച്ചത്.

പിതാവിന്റെ പാത പിൻതുടർന്നു മാരിടൈം മേഖലയിൽ ചുവടുറപ്പിച്ച അഡ്വക്കേറ്റ് വി.ജെ മാത്യു മാരിടൈം വ്യവഹാരങ്ങളുമായി ബന്ധപെട്ടു വൻകിട കപ്പൽ കമ്പനികളുടെ മദർഷിപ്പുകൾ അറസ്റ്റു ചെയ്യുകയും ചെയ്തു കൊണ്ട് നിയമവഴികളിൽ ശക്തമായതും ആധികാരികമായതുമായ വിജയങ്ങൾ കൈമുതലായുള്ള യാളുമാണ്.കൊച്ചിയുടെ മാരിടൈം ഭൂമികയിൽനിന്നും ലോകത്തരമായി വളർന്ന വിജെ മാത്യുവിന്റെ രചനയിൽ പുറത്തിറങ്ങുന്ന ഗ്രന്ഥം ഇതുകൊണ്ടുതന്നെ ശ്രദ്ധ പിടിച്ചു പറ്റുന്നു.

ചടങ്ങിൽ ഹൈക്കോടതി ജഡ്ജി വി.എം.ശ്യാം കുമാർ,സീനിയർ അഡ്വക്കേറ്റ് സുമതി ദണ്ഡപാണി,മുൻ വിസിൽ എം.ഡി.ഡോക്ടർ എ ജയകുമാർ,ജസ്റ്റീസ് സികെ അബ്ദുൾറഹീം,ജസ്റ്റീസ് എ എം ഷഫീക്,കെ.പത്മകുമാർ ഐപിഎസ്,സീനിയർ അഡ്വ. നന്ദകുമാരമേനോൻ,ഹൈക്കോർട്ട് ബാർ അസ്സോസിയേഷൻ പ്രസിഡന്റ് അഡ്വ.പീയുസ് എ കൊറ്റം,കേരളസ്റ്റീമർ അസ്സോസിയേഷൻ പ്രസിഡന്റ് വർഗ്ഗീസ് കെ.ജോർജ്ജ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തുകൊണ്ടു ആശംസകൾ നേരും.

ചോദ്യംചെയ്യലിന് ഹാജരാകില്ല: ക്രൈംബ്രാഞ്ച് നോട്ടീസ് തള്ളി പിഎസ്സി ചെയർമാൻ

തിരുവനന്തപുരം: പരീക്ഷാക്രമക്കേടുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ രണ്ടാമതും ചോദ്യംചെയ്യലിനു ഹാജരാകാനുള്ള ക്രൈംബ്രാഞ്ച് സംഘത്തിൻറെ നോട്ടീസ് പിഎസ്സി ചെയർമാൻ എം.ആർ. ബൈജു നിരാകരിച്ചു. ആസൂത്രണ ബോർഡ് ചീഫ് പരീക്ഷാക്രമക്കേടുമായി ബന്ധപ്പെട്ട് വ്യാഴാഴ്ച ക്രൈംബ്രാഞ്ച് ഓഫീസിൽ ചോദ്യംചെയ്യലിന് എത്തണമെന്നാണ് ചെയർമാനോട് ആവശ്യപ്പെട്ടത്. എന്നാൽ, അന്വേഷണം റദ്ദാക്കണമെന്നാവശ്യപ്പെട്ട് പിഎസ്സി സമർപ്പിച്ച ഹർജി ഹൈക്കോടതിയുടെ പരിഗണനയിലാണെന്നും ഇതിൽ തീരുമാനമാകുന്നതുവരെ ചോദ്യംചെയ്യലിനു ഹാജരാകാൻ കഴിയില്ലെന്നും ചെയർമാൻ അറിയിച്ചു.

--



ഏഷ്യയിലെ ഏറ്റവും വലിയ ബീച്ച്സൈഡ് സ്റ്റാർട്ടപ്പ് ഫെസ്റ്റ് നവംബർ 12ന്

മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം: ഏഷ്യയിലെ ഏറ്റവും വലിയ ബീച്ച് സൈഡ് സ്റ്റാർട്ടപ്പ് ഫെസ്റ്റിവലായ 'ഹഡിൽ ഗ്ലോബൽ 2026'-ൻറെ എട്ടാം പതിപ്പ് നവംബർ 12 ന് കോവളത്ത് ആരംഭിക്കും. മൂന്ന് ദിവസത്തെ പരിപാടിയിൽ സ്റ്റാർട്ടപ്പ് സ്ഥാപകർക്കായി ഒരുക്കുന്ന പ്രത്യേക നിക്ഷേപ പ്ലാറ്റ്ഫോമിൽ 76 വെഞ്ചർ ക്യാപിറ്റൽ നിക്ഷേപകരും 50-ലധികം ഏഞ്ചൽ നിക്ഷേപകരും എത്തും.

കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) സംഘടിപ്പിക്കുന്ന സമ്മേളനത്തിൻറെ ഭാഗമായി ഇൻവെസ്റ്റ്മെൻറ് ട്രാക്ക് എന്ന പ്ലാറ്റ്ഫോം ഒരുക്കും. ഇതിലൂടെ സ്റ്റാർട്ടപ്പ് സ്ഥാപകർക്ക് നിക്ഷേപം നേടാനുള്ള അവസരങ്ങൾ തേടാം. വെഞ്ചർ ക്യാപിറ്റൽ നിക്ഷേപകരും ഏഞ്ചൽ നിക്ഷേപകരും ഇതിൽ സന്നിഹിതരായിരിക്കും.

സമ്മേളനം കോവളം ദി ലീല റാവിസിൽ നവംബർ 12 ന് രാവിലെ 10.30 ന് മുഖ്യമന്ത്രി വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യുമെന്ന് കെഎസ്‌യുഎം സി.ഇ.ഒ അനൂപ് അംബിക വാർത്താസമ്മേളനത്തിൽ അറിയിച്ചു. വ്യവസായ, ഐ.ടി, ഫ്യൂച്ചർ ടെക്നോളജി, സ്റ്റാർട്ടപ്പ് വകുപ്പ് മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും. ഇലക്ട്രോണിക്സ്-ഐ.ടി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എസ്. സുഹാസ് ചടങ്ങിൽ അധ്യക്ഷത വഹിക്കും.

ബെൽജിയം എംബസി അംബാസഡർ സോഫി കാൾഷോസൻ ചടങ്ങിൽ പ്രത്യേക പ്രഭാഷണം നടത്തും. എം. വിൻസെൻറ് എം.എൽ.എ, നടി കീർത്തി സുരേഷ് എന്നിവരും ചടങ്ങിൽ പങ്കെടുക്കും. അനൂപ് അംബിക സ്വാഗതം ആശംസിക്കും. ചടങ്ങിൽ വിവിധ ധാരണാപത്രങ്ങൾ ഒപ്പുവെക്കുകയും കൈമാറുകയും ചെയ്യും. പാനൽ ചർച്ചകൾ, എഐ ഫിലിം ഫെസ്റ്റിവൽ, ഉൽപ്പന്നങ്ങളുടെ അവതരണം, ജിസിസി നേതാക്കളുടെ റൗണ്ട് ടേബിൾ കോൺഫറൻസ്, എക്സിബിഷൻ, 500-ലധികം നിക്ഷേപകരുമായുള്ള കൂടിക്കാഴ്ചകൾ, ബിസിനസ് നെറ്റ് വർക്കിംഗ്, മെൻററിംഗ് സെഷനുകൾ എന്നിവ മൂന്ന് ദിവസത്തെ പരിപാടികളിൽ ഉൾപ്പെടുന്നു.

സ്റ്റാർട്ടപ്പുകൾക്ക് നൂതന ആശയങ്ങൾ പ്രദർശിപ്പിക്കാനും മൂലധനം സമാഹരിക്കാനും പങ്കാളികളെ കണ്ടെത്താനും വിദഗ്ധരിൽ നിന്ന് മാർഗനിർദേശങ്ങൾ നേടാനുമുള്ള വേദിയായായിട്ടാണ് ഹഡിൽ ഗ്ലോബൽ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് അനൂപ് അംബിക പറഞ്ഞു. ഹഡിൽ ഗ്ലോബൽ 2026-ൽ 4000ത്തിലധികം സ്റ്റാർട്ടപ്പുകൾ, 200-ഓളം ശ്രദ്ധേയ വ്യക്തികൾ, 300-ലധികം സ്റ്റാർട്ടപ്പ് മെൻറർമാർ, 200-ലധികം കോർപ്പറേറ്റ് സ്ഥാപനങ്ങൾ, 150-ലധികം എക്സിബിറ്റേഴ്സ്, 150-ലധികം നിക്ഷേപകർ, 300-ഓളം പ്രമുഖ പ്രഭാഷകർ എന്നിവർ പങ്കെടുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പരിപാടിയുടെ ആദ്യ ദിവസം എഐ ചലച്ചിത്രമേള ടൂറിസം-സാംസ്കാരിക മന്ത്രി പി. സി. വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യും.

ഉദ്ഘാടന ദിവസം 'കാഴ്ചപ്പാടിൽ നിന്ന് യാഥാർഥ്യത്തിലേക്ക്: അർഥവത്തായ സംരംഭം കെട്ടിപ്പടുക്കുന്നതിൻറെ യാത്ര' എന്ന വിഷയത്തിൽ നടക്കുന്ന പാനൽ ചർച്ചയിൽ ഷാഫി പറമ്പിൽ എംപി, എംഎൽഎമാരായ രമേഷ് പിഷാരടി, പി.എം.എ. സമീർ എന്നിവർ പങ്കെടുക്കും. കെഎസ്‌യുഎം സീനിയർ ടെക്നോളജി ഫെലോ വിനിത ജോസഫ് മോഡറേറ്ററാകും.

നവംബർ 14-ന് കൃഷി മന്ത്രി ടി. സിദ്ദിഖ് 'കേര' ഫണ്ട് പ്രഖ്യാപന, ഗ്രാൻറ് വിതരണ ചടങ്ങിൽ പങ്കെടുക്കും. കേര ലോഗോയും പുറത്തിറക്കും. ഈ അവസരത്തിൽ ഏഴ് കമ്പനികൾക്ക് ഗ്രാൻറും 32 കമ്പനികൾക്ക് ഉൽപ്പന്ന വികസനത്തിനുള്ള ഗ്രാൻറും മന്ത്രി നൽകും.

തൃശൂർ ആസ്ഥാനമായ എസ്ട്രാഡോ എന്ന റോബോട്ടിക് കമ്പനി വികസിപ്പിച്ചെടുത്ത വെള്ളപ്പൊക്കം പ്രവചിക്കുന്ന റോബോട്ട് ജലവിഭവ വകുപ്പ് മന്ത്രി മോൻസ് ജോസഫ് ചടങ്ങിൽ അവതരിപ്പിക്കും.

താങ്ങാനാവുന്ന വിലയിൽ എ1 കാറുകൾ തിരുവനന്തപുരത്ത് നിന്ന് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി കാർ റേസിംഗ് ചാമ്പ്യൻ മത്തിയാസ് ലൗഡ നവംബർ 14-ന് നടക്കുന്ന സെഷനിൽ പങ്കെടുക്കും. ഹഡിൽ ഗ്ലോബൽ റൗണ്ട്ടേബിൾ കോൺഫറൻസ് സെഷനുകളിൽ മുഖ്യമന്ത്രി, ഐടി-വ്യവസായ വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറിമാർ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗങ്ങൾ, സർവകലാശാലാ വൈസ് ചാൻസലർമാർ, കെഎസ്‌യുഎം സി.ഇ.ഒ എന്നിവർ പങ്കെടുക്കും. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രധാന റൗണ്ട്ടേബിളിൽ വിവിധ രാജ്യങ്ങളിലെ അംബാസഡർമാർ, ഇന്നൊവേഷൻ മേഖലയിലെ പ്രമുഖർ, സംരംഭകർ, നിക്ഷേപ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവർ പങ്കെടുക്കും. കൂടാതെ മാസ്റ്റർക്ലാസുകളും വെണ്ടർ ക്ലിനിക്കുകളും സംഘടിപ്പിക്കും.

കേരളം, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലെ ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമ്മീഷണർ ഡോ. സുതാപ ചൗധരി, യുകെ ഗവൺമെൻറിൻറെ സൗത്ത് ഇന്ത്യ ഇൻവെസ്റ്റ്മെൻറ് ഡയറക്ടർ ഗീത കൃഷ്ണൻകുട്ടി, വെയിൽസ് ഗവൺമെൻറ് ഇന്ത്യ ഹെഡ് ഇയോഘാൻ ഓ'റീഗൻ, ദക്ഷിണ കൊറിയയിലെ കെ.ഒ.എസ്.എം.ഇ ഗ്ലോബൽ ബിസിനസ് സെൻറർ ഡയറക്ടർ ഡോ. ജേക്യോങ് ലീ, എൻ.എക്സ്.ടി.ജി.എൻ ഡീപ് ടെക് ഇൻകുബേഷൻ ആൻഡ് ആക്സിലറേഷൻ ഹെഡ് തോബിയാസ് കുൽ, സ്റ്റാർട്ടപ്പ് ഇന്ത്യയിലെ സീനിയർ മാനേജർ പ്രതിതി ശർമ, സൈക്ലോപ്പ് ഓസ്ട്രേലിയ ഡയറക്ടർ മഹ്മൂദ് ധന്നാനി, സ്റ്റാർട്ടപ്പ് മിഡിൽ ഈസ്റ്റിലെ സിബി സുധാകരൻ, സംസ്ഥാന കൃഷി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വീണ എൻ. മാധവൻ, എൻ.ഐ.ഐ.എസ്.ടി ഡയറക്ടർ ഡോ. അനന്തരാമകൃഷ്ണൻ, നാസ്കോം-ഡീപ്ടെക് ഡയറക്ടർ ശ്രേയ ശർമ, ഐ.ബി.എം എക്സിക്യൂട്ടീവ് ഡയറക്ടറും എൻജിനീയറിംഗ് ലീഡറുമായ വിനോദ് ഖാദർ എന്നിവർ പരിപാടിയിൽ പ്രഭാഷകരായി പങ്കെടുക്കും.

സാങ്കേതികവിദ്യയുടെയും സംരംഭകത്വത്തിൻറെയും ഭാവി രൂപപ്പെടുത്തുന്നതിനായി സ്റ്റാർട്ടപ്പ് സ്ഥാപകർ, നിക്ഷേപകർ, സർക്കാർ ഉദ്യോഗസ്ഥർ, സാമൂഹിക സംരംഭകർ, ഇന്നൊവേറ്റേഴ്സ്, നയരൂപകർത്താക്കൾ, വ്യവസായ പ്രമുഖർ എന്നിവർ ഹഡിൽ ഗ്ലോബൽ 2026 ൽ ഒത്തുചേരും.

സീഫണ്ട്, 8എക്സ് വെഞ്ചേഴ്സ്, സെലെസ്റ്റ ക്യാപിറ്റൽ, ഭാരത് ഇന്നൊവേഷൻ ഫണ്ട്, യാലി ക്യാപിറ്റൽ, കലാരി, ഐവിക്യാപ് വെഞ്ചേഴ്സ്, കൊലോസ വെഞ്ചേഴ്സ്, സ്പെഷ്യാലെ ഇൻവെസ്റ്റ്, 3വൺ4 ക്യാപിറ്റൽ, ട്രാൻസിഷൻ വി.സി, സത്ഗുരു കാറ്റലൈസർ ഫണ്ട്, ടെഡ്രേഷൻ വെഞ്ചേഴ്സ്, പോൺറാക് വി.സി, ഓമ്നിവോർ തുടങ്ങിയ വെഞ്ചർ ക്യാപിറ്റൽ നിക്ഷേപ സ്ഥാപനങ്ങൾ പങ്കെടുക്കും. കൂടാതെ കെ.എ.എൻ, എം.എ.എൻ, ഐ.എ.എൻ ഗ്രൂപ്പ്, ഫീനിക്സ് ഏഞ്ചൽസ്, റിയൽ ടൈം ഏഞ്ചൽ ഫണ്ട് തുടങ്ങിയ ഏഞ്ചൽ നെറ്റ് വർക്കുകളും ഇതിൽ പങ്കാളികളാകും.

ഈ സ്ഥാപനങ്ങളിലെ ഫൗണ്ടിംഗ് പാർട്ണർമാർ, മാനേജിംഗ് പാർട്ണർമാർ, ജനറൽ പാർട്ണർമാർ എന്നിവർ പ്രധാന വേദിയിൽ സംസാരിക്കുകയും മൂല്യനിർണയ പാനലുകളിൽ അംഗങ്ങളാകുകയും സംരംഭകരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്യും.

കേരളത്തെ വിജ്ഞാധിഷ്ഠിത വ്യവസായ കേന്ദ്രമാക്കി മാറ്റുന്നതിന് സഹായിക്കുന്ന നവീനാശയങ്ങളും സാങ്കേതികവിദ്യകളും ഹഡിൽ ഗ്ലോബൽ എക്സ്പോയിൽ പ്രദർശിപ്പിക്കും. എഡ്യൂടെക്, ഹെൽത്ത്ടെക്, ഫിൻടെക്, ലൈഫ് സയൻസസ്, സ്പേസ്ടെക്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്/മെഷീൻ ലേണിംഗ് തുടങ്ങിയ മേഖലകളിൽ നിന്നുള്ള നൂതന ഉൽപ്പന്നങ്ങളും സേവനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ആഗോളതലത്തിലുള്ള അടിയന്തര വെല്ലുവിളികളെ നേരിടാൻ രൂപകൽപ്പന ചെയ്ത ഹ്യൂമനോയിഡ് റോബോട്ടുകൾ, സ്വയം പ്രവർത്തിക്കുന്ന ഡ്രോണുകൾ, സുസ്ഥിര ഊർജ്ജ പരിഹാരങ്ങൾ, ബയോമെഡിക്കൽ ഉപകരണങ്ങൾ, സ്മാർട്ട് സിറ്റി നവീകരണങ്ങൾ എന്നിവയും എക്സ്പോയിലുണ്ടാകും.

കെഎസ്‌യുഎം സീനിയർ മാനേജർ അശോക് കുര്യൻ പഞ്ഞിക്കാരൻ, പ്രൊജക്ട് അസിസ്റ്റൻറ് അഭിഷേക് ജെ പ്രകാശ്, കെഎസ്‌യുഎം സിഇഒയുടെ എക്സിക്യൂട്ടീവ് അസിസ്റ്റൻറ് അമൃത, എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

'വിദ്യാജ്യോതി' പദ്ധതിക്ക് ജില്ലയിൽ തുടക്കമായി

പത്താം ക്ലാസ് വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തി വിജയശതമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന 'വിദ്യാജ്യോതി' പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.പ്രിയദർശിനി നിർവഹിച്ചു.

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ജില്ലാ പരിശീലന കേന്ദ്രത്തിന്റെ സഹായത്തോടെയാണ് 2026-27 അധ്യയന വർഷത്തിൽ പദ്ധതി നടപ്പാക്കുന്നത്. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി മികച്ച വിജയം കൈവരിക്കാൻ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ആസൂത്രിതമായ പരിശീലന പരിപാടികളിലൂടെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനും ജില്ലയിലെ എസ്.എസ്.എൽ.സി. വിജയശതമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

അധ്യാപകരുടെയും ജനപ്രതിനിധികളുടെയും കൂട്ടായ സഹകരണം പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമാണെന്നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഭിപ്രായപ്പെട്ടു. പദ്ധതിയുടെ ഭാഗമായി വിഷയാടിസ്ഥാനത്തിലുള്ള പഠന പിന്തുണ പാക്കേജിന്റെയും മാർഗരേഖയുടെയും പ്രകാശനവും നടന്നു. അധ്യാപകർക്കായി പ്രത്യേക പരിശീലന പരിപാടിയും സംഘടിപ്പിച്ചിരുന്നു.

ജില്ലാ പഞ്ചായത്ത് ഇ എം എസ് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബി.പി മുരളീധരൻ അധ്യക്ഷത വഹിച്ചു.

തൊഴിലധിഷ്ഠിത പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനിഷിംഗ് സ്കൂളായ റീച്ചിൽ(റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാദമി ഫോർ കരിയർ ഹൈറ്റ്സ്) കുറഞ്ഞ നിരക്കിൽ തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ ആരംഭിക്കുന്നു. വിദേശത്തും സ്വദേശത്തും മികച്ച തൊഴിൽസാധ്യതയുള്ള നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ അംഗീകൃത പൈത്തൺ പ്രോഗ്രാമിങ്, ഡാറ്റാ സയൻസ് കോഴ്സുകളിലേക്കാണ് ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നത്.

ഒരു ബാച്ചിൽ 25 പേർക്ക് മാത്രമാണ് പ്രവേശനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് 100 ശതമാനം പ്ലേസ്മെന്റ് അസിസ്റ്റൻസും ഉറപ്പുനൽകുന്നു. പ്ലസ് ടു, ബിരുദം പൂർത്തിയാക്കിയവർക്ക് പൈത്തൺ പ്രോഗ്രാമിങ്, ഡാറ്റാ സയൻസ് കോഴ്സുകളിലേക്ക് അപേക്ഷിക്കാം.അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 25. കൂടുതൽ വിവരങ്ങൾക്ക്: 9496015002, 9496015051.

ടെക്നോപാർക്ക് സിഇഒ ആയി ഹരിശങ്കർ രാധാകൃഷ്ണൻ ചുമതലയേറ്റു

തിരുവനന്തപുരം: ടെക്നോപാർക്കിൻറെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി (സിഇഒ) ഹരിശങ്കർ രാധാകൃഷ്ണൻ ചുമതലയേറ്റു. സാങ്കേതികവിദ്യ, ഇ-കൊമേഴ്സ്, കൺസ്യൂമർ ഗുഡ്സ് ആൻഡ് മാനേജ്മെൻറ് കൺസൾട്ടിംഗ് എന്നീ മേഖലകളിൽ രണ്ട് പതിറ്റാണ്ടിലേറെ അനുഭവസമ്പത്തുള്ളയാളാണ് ഹരിശങ്കർ.



ആമസോൺ, ജോൺസൺ ആൻഡ് ജോൺസൺ തുടങ്ങിയ ആഗോള കമ്പനികളിലും ടാറ്റ ഗ്രൂപ്പ്, ഐടിസി തുടങ്ങിയ മുൻനിര ഇന്ത്യൻ വ്യവസായ സ്ഥാപനങ്ങളിലും പ്രമുഖ കൺസൾട്ടിംഗ് സ്ഥാപനമായ ആക്സഞ്ചറിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. തൻറെ ഔദ്യോഗിക ജീവിതത്തിൽ ലാഭനഷ്ടങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തത്തോടെ ബിസിനസുകളെ നയിക്കുക, വളർച്ചാ തന്ത്രങ്ങൾ ആവിഷ്കരിക്കുക, ബിസിനസ് പ്രവർത്തനങ്ങളിൽ മാറ്റം കൊണ്ടുവരാൻ സാങ്കേതികവിദ്യ, ഡാറ്റ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്നിവ പ്രയോജനപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ ഹരിശങ്കർ നേതൃത്വം നൽകിയിട്ടുണ്ട്. അദ്ദേഹത്തിൻറെ അനുഭവസമ്പത്ത് ടെക്നോപാർക്കിൻറെ വളർച്ചാ ലക്ഷ്യങ്ങളെയും കേരളത്തിൻറെ സാങ്കേതിക ആവാസവ്യവസ്ഥയിൽ ടെക്നോപാർക്കിനുള്ള പങ്കിനെയും കൂടുതൽ ശക്തിപ്പെടുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സോഫ്റ്റ് വെയർ പ്രോഗ്രാമറായി ഔദ്യോഗിക ജീവിതം ആരംഭിച്ച ഹരിശങ്കർ ഐടിസിയിൽ അഞ്ച് വർഷത്തോളം സെയിൽസ്, ഡിസ്ട്രിബ്യൂഷൻ സ്ട്രാറ്റജി, ബ്രാൻഡ് മാനേജ്മെൻറ് മേഖലകളിൽ പ്രവർത്തിച്ചു. ഇന്ത്യയിലെ പ്രമുഖ സ്റ്റുഡൻറ് സ്റ്റേഷനറി ബ്രാൻഡുകളിലൊന്നായ 'ക്ലാസ്മേറ്റു'മായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു.

ജോൺസൺ ആൻഡ് ജോൺസണിൽ കമ്പനിയുടെ ബിസിനസ് യൂണിറ്റിൻറെ വിതരണ തന്ത്രം പുനഃക്രമീകരിക്കുന്നതിനും സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിനും നേതൃത്വം നൽകി. ആക്സഞ്ചറിൽ മാനേജ്മെൻറ് കൺസൾട്ടൻറായി സേവനമനുഷ്ഠിച്ച അദ്ദേഹം വിപണി പ്രവേശന മാതൃകകൾ, വളർച്ച, ഡിജിറ്റൽ പരിവർത്തനം, അനലിറ്റിക്സ് എന്നിവയിൽ വിവിധ കോർപ്പറേഷനുകൾക്ക് ഉപദേശങ്ങൾ നൽകി. അഞ്ച് വർഷത്തോളം ആമസോൺ ഇന്ത്യയിൽ പ്രവർത്തിച്ച ഹരിശങ്കർ കമ്പനിയുടെ ഏറ്റവും വലിയ മാർക്കറ്റ്പ്ലേസ് ബിസിനസുകളിൽ ചിലത് കൈകാര്യം ചെയ്തു. ടാറ്റ ഗ്രൂപ്പിൻറെ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായുള്ള ബി2ബി ഡിജിറ്റൽ പ്ലാറ്റ് ഫോമായ 'ടാറ്റ ബിസിനസ് ഹബ്ബിൽ' മൂന്ന് വർഷം പ്രവർത്തിച്ചു.

ടെക്നോപാർക്ക് സിഇഒ സ്ഥാനം ഏറ്റെടുക്കുന്നതിനു മുൻപ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഐടി വിഭാഗമായ യുഎൽ ടെക്നോളജി സൊല്യൂഷൻസിൽ സിഇഒ ആയിരുന്നു.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് കോഴിക്കോടിൽ നിന്ന് എം.ബി.എ (പിജിഡിഎം) ബിരുദവും തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിൽ ബി.ടെക് ബിരുദവും നേടിയിട്ടുണ്ട്. വ്യവസായ, അക്കാദമിക് മേഖലകളിൽ നൽകിയ സംഭാവനകളെ മാനിച്ച് 2025-ൽ ഹരിശങ്കറിന് ഐഐഎംകെ ഡിസ്റ്റിംഗ്വിഷ്ഡ് അലുമ്നി അവാർഡ് ലഭിച്ചു.

സാങ്കേതികവിദ്യയുടെ കാലത്ത് തുടർച്ചയായ പഠനത്തിന് വിദ്യാർഥികൾ തയാറാകണം: മന്ത്രി റോജി എം. ജോൺ

അതിവേഗം മാറുന്ന സാങ്കേതികവിദ്യയുടെയും തൊഴിൽമേഖലയുടെയും ആവശ്യങ്ങൾക്കനുസരിച്ച് വിദ്യാർഥികൾ തുടർച്ചയായി പഠിക്കാനും പുതിയ നൈപുണ്യങ്ങൾ നേടാനും തയാറാകണമെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ പറഞ്ഞു. ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള ആറ്റിങ്ങൽ എൻജിനീയറിങ് കോളജിന്റെ ബിരുദദാനച്ചടങ്ങ് മാമം പൂജ കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിർമിതബുദ്ധി ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ തൊഴിൽമേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുകയാണ്. ഇന്നുള്ള തൊഴിലുകൾ അഞ്ചുവർഷം കഴിഞ്ഞും അതേ രൂപത്തിൽ തുടരണമെന്നില്ല. അതിനാൽ കലാലയപഠനം പൂർത്തിയാക്കിയാലും പഠനം അവസാനിക്കുന്നില്ലെന്നും പുതിയ അറിവുകൾ നേടുകയും മാറുന്ന സാഹചര്യങ്ങളോട് പൊരുത്തപ്പെടുകയും വേണമെന്നും മന്ത്രി പറഞ്ഞു. അതിനുള്ള ആത്മവിശ്വാസവും അനുഭവപരിചയവും വളർത്തുന്നതിൽ കലാലയജീവിതത്തിന് നിർണായക പങ്കുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിദ്യാഭ്യാസമുള്ള യുവത കേരളത്തിന്റെ പ്രധാന സമ്പത്താണ്. ഈ വിഭവശേഷി നാടിന്റെ വളർച്ചയ്ക്കായി ഉപയോഗിക്കണം. വ്യവസായമേഖലയുടെ ആവശ്യങ്ങളും ഭാവിയിലെ തൊഴിൽസാധ്യതകളും പരിഗണിച്ച് പാഠ്യപദ്ധതികളും പരിശീലനരീതികളും പരിഷ്കരിക്കണമെന്നും വിദ്യാർഥികൾ തൊഴിൽ തേടുന്നവരിൽ മാത്രം ഒതുങ്ങാതെ സംരംഭകരായും തൊഴിൽദാതാക്കളായും വളരണമെന്നും അദ്ദേഹം വ്യക്തമാക്കി. ചടങ്ങിൽ നൈപുണ്യവികസനം, എമർജിങ് ടെക്നോളജി, വ്യവസായ സഹകരണം എന്നീ മേഖലകളിൽ മൂന്ന് ധാരണാപത്രങ്ങൾ കൈമാറി. നൈപുണ്യവികസനത്തിനായി ഐ.എച്ച്.ആർ.ഡി.യും നാസ്കോമും തമ്മിലും, എമർജിങ് ടെക്നോളജി മേഖലയിലെ പ്രവർത്തനങ്ങൾക്കായി ഐ.എച്ച്.ആർ.ഡി.യും ബ്ലോക്ക് ക്വാണ്ടം പ്രൈവറ്റ് ലിമിറ്റഡും തമ്മിലും ധാരണാപത്രം ഒപ്പുവച്ചു. ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതിക്കായി ആറ്റിങ്ങൽ എൻജിനീയറിങ് കോളജും ഡൈംബാഗ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡും തമ്മിലും ധാരണാപത്രം കൈമാറി. വ്യവസായ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിദ്യാർഥികൾക്ക് പ്രായോഗിക പരിശീലനവും തൊഴിൽമേഖലയ്ക്ക് ആവശ്യമായ നൈപുണ്യവും ഉറപ്പാക്കുകയാണ് പദ്ധതികളുടെ ലക്ഷ്യം.

കോളജ് ക്യാമ്പസിലെ 'ഇൻഡസ്ട്രി ഓൺ ക്യാമ്പസ്' (ഐ.ഒ.സി.) പദ്ധതിയും മന്ത്രി ഉദ്ഘാടനം ചെയ്തു. കോളജും വ്യവസായമേഖലയും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി, അക്കാദമിക പഠനത്തെ തൊഴിൽമേഖലയുടെ ആവശ്യങ്ങളുമായി കൂട്ടിയിണക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വിദ്യാർഥികളുടെ നേതൃത്വത്തിലുള്ള ഗവേഷണ-വികസന പ്രവർത്തനങ്ങൾ, ഉൽപ്പന്ന രൂപകൽപ്പനയും വികസനവും, വ്യവസായ സഹകരണം, തൊഴിൽസാധ്യത വർധിപ്പിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയ്ക്കും പദ്ധതി പ്രാധാന്യം നൽകും.

ചടങ്ങിൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടറും സി-ആപ്റ്റ് മാനേജിങ് ഡയറക്ടറുമായ ഡോ. എം. വി. രാജേഷ് അധ്യക്ഷത വഹിച്ചു. കോളജ് പ്രിൻസിപ്പൽ ഡോ. സുമ എൽ. എസ്, ഡീൻ ഡോ. ജിഷ രാജ് ആർ., വകുപ്പ് മേധാവികളായ ശാലിനി എസ്., ഡാൻസി കുര്യൻ, ശ്രീജിത്ത് എസ്., പി.ടി.എ. വൈസ് പ്രസിഡന്റ് വിജുകുമാർ, അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ എന്നിവർ പങ്കെടുത്തു.

ലോകായുക്ത ദിനാചരണം നവംബർ 16ന്: നിയമവിദ്യാർഥികൾക്കായി മൂട്ട് കോർട്ട് മത്സരവും

സംസ്ഥാന ലോകായുക്ത ദിനാചരണം നവംബർ 16 ന് വൈകിട്ട് 3.30-ന് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ നടക്കും. ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. സംസ്ഥാന ലോകായുക്ത ജസ്റ്റിസ് എൻ. അനിൽ കുമാർ അധ്യക്ഷത വഹിക്കും. പ്രതിപക്ഷ നേതാവ് പിണറായി വിജയൻ വിശിഷ്ടാതിഥിയും നഗരസഭാ മേയർ വി.വി. രാജേഷ് പ്രത്യേക അതിഥിയുമായി പങ്കെടുക്കും.

സമ്മേളനത്തിൽ ലോകായുക്ത രജിസ്ട്രാർ ഇ. ബൈജു, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ അഡ്വ. ടി. ആസഫ് അലി, ട്രിവാൻഡ്രം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ഗോപിദാസ് ജി, ലോകായുക്ത അഡ്വക്കറ്റ്സ് ഫോറം പ്രസിഡന്റ് അഡ്വ. എൻ. എസ്. ലാൽ, കേരള ലോകായുക്ത അഡ്വക്കറ്റ്സ് ഫോറം സെക്രട്ടറി അഡ്വ. ബാബു പി. പോത്തൻകോട് എന്നിവർ സംസാരിക്കും.

ദിനാചരണത്തോടനുബന്ധിച്ച് ഓൾ കേരള ഇന്റർ-കോളേജിയറ്റ് മൂട്ട് കോർട്ട് മത്സരം സംഘടിപ്പിച്ചിട്ടുണ്ട്. ലോ കോളേജ് വിദ്യാർത്ഥികൾക്കായി നടത്തുന്ന ഒരു പരിശീലന കോടതിയാണ് മൂട്ട് കോർട്ട് മത്സരം. പ്രാഥമിക റൗണ്ട് മത്സരം നവംബർ 13-ന് രാവിലെ 9.30-ന് നിയമസഭാ സമുച്ചയത്തിലെ കോർട്ട് ഹാൾ ഒന്ന്, രണ്ട്, കോൺഫറൻസ് ഹാൾ 5അ, 5ഋ എന്നിവിടങ്ങളിൽ നടക്കും. ഉപലോകായുക്തമാരായ ജസ്റ്റിസ് അശോക് മേനോൻ, ജസ്റ്റിസ് ഷിർസി വി. എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യും.

ഫൈനൽ റൗണ്ട് മത്സരം നവംബർ 16 ഉച്ചകഴിഞ്ഞ് രണ്ടിന് കോർട്ട് ഹാൾ ഒന്നിൽ നടക്കും. ഉപ ലോകായുക്തമാരായ ജസ്റ്റിസ് അശോക് മേനോൻ, ജസ്റ്റിസ് ഷിർസി വി., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ ജസ്റ്റിസ് സി. പ്രദീപ് കുമാർ എന്നിവരാണ് ഫൈനൽ മത്സരത്തിലെ വിധികർത്താക്കൾ. മൂട്ട് കോർട്ട് മത്സരവിജയികൾക്കുള്ള എവർ റോളിംഗ് ട്രോഫികളും സമ്മാനങ്ങളും നവംബർ 16-ന് നടക്കുന്ന പൊതുസമ്മേളനത്തിൽ വിതരണം ചെയ്യും.

പരിപ്പുവടയ്ക്ക് ഉപ്പുകുറഞ്ഞു; തട്ടുകട അടിച്ചുതകർത്ത് യുവാക്കൾ

കൊല്ലം: കുണ്ടറയിൽ പരിപ്പുവടയ്ക്ക് ഉപ്പുകുറഞ്ഞതിൻറെ പേരിൽ തട്ടുകട അടിച്ചുതകർക്കുകയും ഉടമയെയും ജീവനക്കാരനെയും മർദിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്ത സംഭവത്തിൽ അന്വേഷണം തുടരുന്നു. സംഭവത്തിൽ കുറ്റക്കാരായ യുവാക്കൾക്കായുള്ള അന്വേഷണം തുടരുന്നുവെന്നും പൊലിസ് അറിയിച്ചു. സമീപത്തെ കടകളിൽ സിസിടിവികളുണ്ടെങ്കിലും നിലവിൽ ഇത് പരിശോധിക്കാനായിട്ടില്ലെന്ന് പൊലീസ് പറഞ്ഞു.

കുണ്ടറയ്ക്കടുത്ത് പെരുമ്പുഴയിൽ തിങ്കളാഴ്ച വൈകുന്നേരം അഞ്ചരയോടെയാണ് സംഭവം . 'ടീ മേറ്റ്' എന്ന കടയിൽ ചായ കുടിക്കാനെത്തിയ രണ്ടുപേരാണ് അക്രമമുണ്ടാക്കിയത്. കടയുടമ നാസിമിന് കുത്തേറ്റു. ജീവനക്കാരൻ മോഹനന് വാരിയെല്ലിന് പരുക്കു പറ്റി.

തിങ്കളാഴ്ച വൈകുന്നേരമാണ് തട്ടുകടയിലെത്തിയ കൊള്ളി നിയാസ്, സുഹൃത്ത് ജാക്സൺ എന്നിവർ ചായയും പരിപ്പുവടയും കഴിച്ചു. തുടർന്ന് പരിപ്പുവടയ്ക്ക് ഉപ്പ് കുറവാണെന്നു പറഞ്ഞ് തട്ടിക്കയറി. പിന്നാലെ കടയിൽ ജോലി ചെയ്തിരുന്ന മോഹനനെ മർദിച്ചു. കടയിലുണ്ടായിരുന്ന തിളച്ച എണ്ണ മോഹനന്റെ മേൽ ഒഴിച്ചു. തടയാൻ ചെന്ന നാട്ടുകാർ ഉൾപ്പെടെയുള്ളവരെ അക്രമികൾ കത്തി കാണിച്ച് ഭീഷണിപ്പെടുത്തി.

ഖേലോ കേരളം 2026 : സംസ്ഥാനതല കായിക പ്രതിഭാ നിർണയ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം 12ന്

സ്കൂൾതലത്തിലെ കായിക പ്രതിഭകളെ കണ്ടെത്തി ശാസ്ത്രീയ പരിശീലനം നൽകി ദേശീയ, അന്തർദേശീയ നിലവാരത്തിലേക്ക് വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ കായിക യുവജനകാര്യാലയം നടപ്പിലാക്കുന്ന ഖേലോ കേരളം 2026 - കായിക പ്രതിഭാ നിർണയ ചാമ്പ്യൻഷിന്റെ ഉദ്ഘാടനം നവംബർ 12ന് തിരുവനന്തപുരം ലുലു മാളിൽ കായിക വകുപ്പ് മന്ത്രി ഒ ജെ ജനീഷ് നിർവഹിക്കും.

പദ്ധതിയുടെ ലോഗോ, ഭാഗ്യമുദ്ര, പ്രൊമോഷണൽ വീഡിയോ എന്നിവയുടെ പ്രകാശനവും രജിസ്ട്രേഷൻ പോർട്ടൽ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. വിദ്യാർഥികളുടെ എയറോബിക് പെർഫോമൻസും അരങ്ങേറും.സംസ്ഥാനത്തെ 163 സബ്ജില്ലകളിൽ നിന്ന് പ്രതിഭകളെ കണ്ടെത്തി സബ്ജില്ലാ, ജില്ലാ, സംസ്ഥാന തലങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ 10 വർഷം നീളുന്ന കായിക പ്രതിഭാ വികസന സംവിധാനം രൂപപ്പെടുത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

തനത് ഭവനപദ്ധതിയും എസ്.സി. പ്രമോട്ടർ നിയമനവും: സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ കൂടുതൽ സമയം അനുവദിക്കും: മന്ത്രി കെ.എ. തുളസി

പട്ടികജാതി, പട്ടികവർഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന തനത് ഭവനപദ്ധതിയിലേക്കും, പട്ടികജാതി വികസന വകുപ്പിൽ എസ്.സി. പ്രമോട്ടർ തസ്തികയിലെ നിയമനത്തിലേക്കും ആവശ്യമായ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി അപേക്ഷയോടൊപ്പം ഹാജരാക്കാൻ സാധിക്കാത്തവർക്കും അപേക്ഷ സമർപ്പിക്കാൻ അവസരം നൽകാൻ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ.എ. തുളസി കർശന നിർദ്ദേശം നൽകി. റവന്യൂ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് അതോറിറ്റികൾ എന്നിവിടങ്ങളിൽ നിന്നും ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതിലുണ്ടാകുന്ന കാലതാമസം മൂലം അർഹരായ അപേക്ഷകർക്കും ഉദ്യോഗാർത്ഥികൾക്കും അവസരം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാനാണ് ഈ നടപടി.

തനത് ഭവനപദ്ധതിയിലേക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി നവംബർ 16 ആണ്. നിശ്ചിത അവസാന തീയതിക്കകം ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും ലഭ്യമാക്കാൻ കഴിയാത്ത അപേക്ഷകരിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അപേക്ഷകൾ സ്വീകരിക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം ഇല്ലെങ്കിലും അപേക്ഷ സ്വീകരിക്കണം. അപേക്ഷകൾ പരിശോധിക്കുന്ന സമയപരിധിക്കുള്ളിൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ അവസരം നൽകണം. ആവശ്യമായ സാക്ഷ്യപത്രങ്ങൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ലെന്ന കാരണത്താൽ അപേക്ഷകൾ നിരസിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യരുത്. അപേക്ഷകൾ പരിശോധിക്കുന്ന കാലപരിധിക്കുള്ളിൽ ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ അപേക്ഷകർക്ക് സമയം നൽകണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

എസ്.സി. പ്രമോട്ടർ നിയമനത്തിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 12 ആണ്. അപേക്ഷയോടൊപ്പം ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും സമർപ്പിക്കാൻ സാധിക്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകളും സ്വീകരിക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചിട്ടില്ലെന്ന കാരണത്താൽ ഇത്തരം അപേക്ഷകൾ നിരസിക്കരുത്. സമർപ്പിക്കാൻ സാധിക്കാത്ത സർട്ടിഫിക്കറ്റുകൾ പ്രമോട്ടർ നിയമനത്തിനായി നടക്കുന്ന അഭിമുഖ സമയത്ത് ഹാജരാക്കുന്നതിന് മതിയായ അവസരം നൽകണം. ഇക്കാര്യത്തിൽ എല്ലാ ഓഫീസുകളിലും അപേക്ഷകൾ സ്വീകരിക്കുന്നതിനായി ഏകീകൃത നടപടി ഉറപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വാർത്താകുറിപ്പിൽ അറിയിച്ചു.

വിവിധ മേഖലകളിൽ മികവ് തെളിയിച്ച 52 കുട്ടികൾക്ക് ഉജ്ജ്വലബാല്യം പുരസ്കാരം

കുട്ടികളുടെ സുരക്ഷയ്ക്കായി കുടുംബ സുസ്ഥിരതാ മാപ്പിംഗ് നടപ്പിലാക്കുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ

വിവിധ മേഖലകളിൽ അസാധാരണമായ കഴിവും മികവും പ്രകടിപ്പിച്ച കുട്ടികളെ ആദരിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പ് ഏർപ്പെടുത്തിയ ഉജ്ജ്വല ബാല്യം പുരസ്കാരം 2025ന് സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നായി 52 കുട്ടികളെ തെരഞ്ഞെടുത്തതായി വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ അറിയിച്ചു. കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹിക പ്രവർത്തനം, പരിസ്ഥിതി സംരക്ഷണം, വിവരസാങ്കേതികവിദ്യ, കൃഷി, മാലിന്യസംസ്കരണം, ജീവകാരുണ്യ പ്രവർത്തനം, ക്രാഫ്റ്റ്, ശില്പനിർമ്മാണം, അസാമാന്യ ധൈര്യം പ്രകടിപ്പിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ മികവ് തെളിയിച്ച കുട്ടികളാണ് പുരസ്കാരത്തിന് അർഹരായത്. കുട്ടികളുടെ പ്രതിഭകൾക്ക് അംഗീകാരം നൽകുന്നതിനും ആത്മവിശ്വാസവും സർഗാത്മകതയും പ്രോത്സാഹിപ്പിക്കുന്നതിനുമാണ് പുരസ്കാരം നൽകുന്നതെന്ന് സെക്രട്ടേറിയറ്റിലെ പി ആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി അറിയിച്ചു.

ആറ് മുതൽ 11 വയസ്സുവരെയും 12 മുതൽ 18 വയസ്സുവരെയും പ്രായമുള്ള കുട്ടികളെ രണ്ട് വിഭാഗങ്ങളായി തിരിച്ചാണ് പുരസ്കാരത്തിന് പരിഗണിച്ചത്. പൊതുവിഭാഗത്തിലും ഭിന്നശേഷി വിഭാഗത്തിലും പ്രത്യേകം പുരസ്കാരങ്ങൾ നൽകുന്നുണ്ട്. ഓരോ ജില്ലയിൽ നിന്നും പരമാവധി നാലു കുട്ടികളെ വീതമാണ് തെരഞ്ഞെടുത്തത്. ജില്ലാ കളക്ടർ അധ്യക്ഷനായ സമിതിയാണ് ജേതാക്കളെ നിശ്ചയിച്ചത്. 25,000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് ഓരോ പുരസ്കാരവും. നവംബർ 14ന് തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാനതല ശിശുദിനാഘോഷ ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും.

സാമൂഹികമോ സാമ്പത്തികമോ ശാരീരികമോ ആയ പരിമിതികൾ കുട്ടികളുടെ കഴിവുകൾക്ക് തടസമാകരുതെന്നും അവസരങ്ങളും പ്രോത്സാഹനവും ലഭിച്ചാൽ ഓരോ കുട്ടിക്കും പ്രതിഭ തെളിയിക്കാനാകുമെന്നും ഉജ്ജ്വലബാല്യം പുരസ്കാരം സന്ദേശം നൽകുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ കഴിവുകൾ അംഗീകരിക്കുന്നതിലൂടെ തുല്യ അവസരങ്ങളുടെ പ്രാധാന്യവും ഉയർത്തിക്കാട്ടുന്നു. പുരസ്കാരജേതാക്കളായ കുട്ടികളെ അഭിനന്ദിക്കുന്നതായും അവരുടെ കഴിവുകൾ കൂടുതൽ ഉയരങ്ങളിലെത്തിക്കാൻ ആവശ്യമായ പിന്തുണ ഉറപ്പാക്കേണ്ടത് സമൂഹത്തിന്റെ കൂട്ടായ ഉത്തരവാദിത്വമാണെന്നും മന്ത്രി പറഞ്ഞു.

ഈ വർഷത്തെ ശിശുദിനം നവംബർ 14-ന് തിരുവനന്തപുരത്തെ ഡി.പി.ഐ. ജംഗ്ഷനിലുള്ള ജവഹർ സഹകരണ ഭവനിൽ വിപുലമായ പരിപാടികളോടെ ആഘോഷിക്കും. കുട്ടികളുടെ അവകാശങ്ങൾ, കഴിവുകൾ, സർഗാത്മകത, സാമൂഹിക പങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് വനിതാ ശിശു വികസന വകുപ്പ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

കുട്ടികളിൽ ചിന്താശേഷി, ആശയവിനിമയ മികവ്, ആത്മവിശ്വാസം, സാമൂഹിക അവബോധം, പ്രസംഗകല എന്നിവ വളർത്തുന്നതിനായി യു.പി., ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രസംഗമത്സരം സംഘടിപ്പിക്കുന്നുണ്ട്. നെഹ്റുവിന്റെ ആശയങ്ങളും ചിന്താധാരകളും സമകാലിക സാഹചര്യത്തിലും പ്രസക്തമാണെന്ന ബോധ്യം കുട്ടികളിൽ വളർത്തുകയാണ് ലക്ഷ്യം. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്കാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ അവസരം. നവംബർ 14-ന് തിരുവനന്തപുരത്ത് നടക്കുന്ന മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് ചാച്ചാ നെഹ്റു മെമ്മോറിയൽ ട്രോഫി, സർട്ടിഫിക്കറ്റ്, ക്യാഷ് പ്രൈസ് എന്നിവ നൽകി ആദരിക്കും.

വനിതാ ശിശു വികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ, ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ, തിരുവനന്തപുരം മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയ വിശിഷ്ട വ്യക്തികൾ ചടങ്ങിൽ പങ്കെടുക്കും. ഉജ്ജ്വലബാല്യം പുരസ്കാര വിതരണത്തിനൊപ്പം കുട്ടികളുടെ വിവിധ കലാപരിപാടികളും അരങ്ങേറും.

കുട്ടികൾക്കെതിരായ അതിക്രമങ്ങളും ചൂഷണങ്ങളും സംഭവിച്ചതിനുശേഷം ഇടപെടുന്നതിൽ മാത്രം ശിശുസംരക്ഷണ പ്രവർത്തനങ്ങൾ ഒതുങ്ങരുത്. അപകടസാധ്യതയുള്ള സാഹചര്യങ്ങൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് കുട്ടികൾക്ക് സമയബന്ധിതമായ സംരക്ഷണം ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ലൈംഗികാതിക്രമം, ശാരീരികവും മാനസികവുമായ പീഡനം, അവഗണന, ബാലവേല, ബാലഭിക്ഷാടനം, മനുഷ്യക്കടത്ത്, ഓൺലൈൻ ചൂഷണം തുടങ്ങിയവ തടയുന്നതിന് വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏകോപിത പ്രവർത്തനം ശക്തിപ്പെടുത്തും.

അപകടസാധ്യതയുള്ള സാഹചര്യങ്ങളിൽ കഴിയുന്ന കുട്ടികളെ നേരത്തേ കണ്ടെത്തുന്നതിനായി സംസ്ഥാനവ്യാപകമായി കുടുംബ സുസ്ഥിരതാ മാപ്പിംഗ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ആലപ്പുഴയിൽ പോഷകാഹാരക്കുറവ് സംശയിക്കുന്ന സാഹചര്യത്തിൽ രണ്ടുവയസ്സുകാരന്റെ മരണത്തെത്തുടർന്ന് ചേർന്ന യോഗത്തിലാണ് ഇതുസംബന്ധിച്ച തീരുമാനമുണ്ടായത്.സ്കൂളുകൾ, അങ്കണവാടികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ, ആരോഗ്യ പ്രവർത്തകർ, പോലീസ് തുടങ്ങിയവയുടെ സഹകരണത്തോടെയായിരിക്കും കുടുംബങ്ങളുടെയും കുട്ടികളുടെയും സാഹചര്യങ്ങൾ വിലയിരുത്തുക. പോഷകാഹാരക്കുറവ്, അവഗണന, കുടുംബത്തിലെ അതിക്രമങ്ങൾ, ബാലവേല, ഭിക്ഷാടനം, പഠനം ഉപേക്ഷിക്കൽ, ലഹരിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, വിവിധ തരത്തിലുള്ള ചൂഷണങ്ങൾ തുടങ്ങിയ അപകടസാധ്യതകൾ നേരിടുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കും.

വനിതാ ശിശു വികസന വകുപ്പ്, ആരോഗ്യം, പോലീസ്, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകൾ സംയുക്തമായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. നിലവിലുള്ള ശിശുസംരക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനൊപ്പം അപകടസാധ്യതകൾ മുൻകൂട്ടി കണ്ടെത്തി പ്രതിരോധ നടപടികൾ സ്വീകരിക്കാനും ഇതിലൂടെ സാധിക്കും. ഓരോ കുട്ടിക്കും സുരക്ഷിതമായ ബാല്യവും തുല്യ അവസരങ്ങളും ആത്മവിശ്വാസത്തോടെ വളരാനുള്ള അന്തരീക്ഷവും ഒരുക്കുന്നതിന് സമൂഹത്തിന്റെ സജീവ പങ്കാളിത്തം അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു.

ജൈവമാലിന്യം മത്സ്യത്തീറ്റയാക്കി മാറ്റാം സിഎംഎഫ്ആർഐയിൽ വിന്റർ സ്കൂളിന് തുടക്കം

കൊച്ചി: മത്സ്യത്തീറ്റ നിർമാണത്തിൽ പോഷക സമ്പുഷ്ടമായ ചേരുവയായി ജൈവമാലിന്യങ്ങളെ ഉപയോഗിക്കുന്നതിന്റെ സാധ്യതകളുമായി സിഎംഎഫ്ആർഐയിൽ വിന്റർ സ്കൂളിന് തുടക്കം.

പട്ടാളപ്പുഴു അധിഷ്ഠിത മത്സ്യത്തീറ്റ സാങ്കേതികവിദ്യയെ പരിചയപ്പെടുത്തുന്ന 21 ദിവസത്തെ വിന്റർ സ്കൂൾ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ ദേവിക പിള്ള ഉദ്ഘാടനം ചെയ്തു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗവേഷകരും സർവകലാശാല അധ്യാപകരുമാണ് വിന്റർ സ്കൂളിൽ പങ്കെടുക്കുന്നത്.

രാജ്യത്തെ മത്സ്യകൃഷി മേഖലയിൽ തീറ്റക്ക് ആവശ്യമായ പ്രോട്ടീൻ സ്രോതസ്സായി ജൈവമാലിനങ്ങളെ പ്രയോജനപ്പെടുത്തുന്നത് ഈ ആവശ്യത്തിനായി കടൽ മത്സ്യങ്ങളെ അമിതമായി ആശ്രയിക്കുന്നത് കുറക്കാൻ വഴിയൊരുക്കുമെന്ന് അവർ പറഞ്ഞു.

ജൈവമാലിന്യങ്ങളെ പ്രോട്ടീൻ സമ്പുഷ്ടമായ തീറ്റയായി മാറ്റുന്നതിലൂടെ മത്സ്യകൃഷിയിൽ വർധിച്ചുവരുന്ന ഉൽപാദനച്ചെലവും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട വെല്ലുവിളികളും ഒരേസമയം പരിഹരിക്കാനാകും.

പരമ്പരാഗത മത്സ്യത്തീറ്റ ഘടകങ്ങളുടെ ലഭ്യത ക്കുറവും വിലവർധനയും സുസ്ഥിരമല്ലാത്ത രീതിയിൽ ഇതിനായി കടൽമീനുകളെ ആശ്രയിക്കുന്നതും മത്സ്യകൃഷി മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. വീടുകളിലും പരിസരങ്ങളിലും ഉൽപാദിക്കപ്പെടുന്ന ജൈവമാലിന്യങ്ങൾ സാങ്കേതികവിദ്യ ഉപയോഗിച്ച് മൂല്യവർധിത പോഷകങ്ങളാക്കി മാറ്റുന്നത് മാലിന്യസംസ്കരണ ഭക്ഷ്യോൽപാദന രംഗങ്ങളിൽ വലിയ മുതൽക്കൂട്ടാകുമെന്നും ദേവിക പിള്ള പറഞ്ഞു.

പട്ടാളപ്പുഴു ഉപയോഗിച്ച് ജൈവവിശിഷ്ടങ്ങളെ പ്രോട്ടീനും കൊഴുപ്പും അടങ്ങിയ പോഷകസമ്പന്നമായ ചേരുവകളാക്കി മാറ്റുന്ന സിഎംഎഫ്ആർഐ സാങ്കേതികവിദ്യക്ക് പേറ്റന്റ് ലഭിച്ചിട്ടുണ്ട്. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് നാല് സ്റ്റാർട്ടപ്പുകൾ വാണിജ്യാടിസ്ഥാനത്തിൽ വിജയകരമായി തോതിൽ മത്സ്യത്തീറ്റ ഉത്പാദനം നടത്തിവരുന്നുണ്ട്.

ഇതെക്കുറിച്ച് യുവഗവേഷകരെ പരിശീലിപ്പിക്കുന്നതിനായാണ് വിന്റർ സ്കൂളിന് തുടക്കമിട്ടത്. ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു.

ഐസിഎആറിന്റെ സാമ്പത്തിക സഹായത്തോടെ സിഎംഎഫ്ആർഐയിലെ മറൈൻ ബയോടെക്നോളജി, ഫിഷ് ന്യൂട്രീഷൻ ആൻഡ് ഹെൽത്ത് ഡിവിഷനാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഡിവിഷൻ മേധാവി ഡോ. കൃപേഷ ശർമ, കോഴ്സ് ഡയറക്ടർ ഡോ. സനൽ എ ബനേസർ, ഡോ. അദ്നാൻ എച്ച്. ഗോറ എന്നിവർ സംസാരിച്ചു.

എസ്. ഐ.ആർ: വ്യക്തത വരുത്തി തിരഞ്ഞെടുപ്പ് കമ്മീഷൻ

കരട് വോട്ടർ പട്ടികയിൽ പേരില്ലാത്ത മുൻ വോട്ടർമാർക്കും ഫോം 6 സമർപ്പിക്കാം

തിരുവനന്തപുരം: പ്രത്യേക തീവ്ര വോട്ടർ പട്ടിക പുതുക്കൽ (എസ്.ഐ.ആർ) നടപടികളുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന കരട് വോട്ടർ പട്ടികയിൽ പേരില്ലാത്ത മുൻ വോട്ടർമാർക്കും അന്തിമ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ഫോം 6 സമർപ്പിക്കാമെന്ന് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

മുമ്പ് വോട്ടർ പട്ടികയിൽ പേരുണ്ടായിരുന്നവരുടെ പേര് നിലവിലെ എസ്.ഐ.ആർ കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ, ഫോം 6 സമർപ്പിക്കുമ്പോൾ ആദ്യമായി വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷയാണെന്ന വിവരം നൽകേണ്ടി വരുന്നത് തെറ്റായ പ്രഖ്യാപനമാകുമോ എന്ന ആശങ്ക ചില വോട്ടർമാർക്കുണ്ടായിരുന്നു. ഇതിനെ തുടർന്നാണ് കമ്മീഷൻ ഇക്കാര്യത്തിൽ വ്യക്തത വരുത്തിയത്.കരട് വോട്ടർ പട്ടികയിൽ പേരില്ലാത്തവർക്ക് മുമ്പ് വോട്ടർ പട്ടികയിൽ പേരുണ്ടായിരുന്നുവെന്ന കാരണത്താൽ മാത്രം ഫോം 6 സമർപ്പിക്കുന്നതിന് തടസമില്ല. എസ്.ഐ.ആർ നടപടികൾക്കിടയിലോ അതിനുശേഷമോ അന്തിമ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് പുതിയ അപേക്ഷ സമർപ്പിക്കാവുന്നതാണ്.മുമ്പ് വോട്ടർ പട്ടികയിൽ പേരുണ്ടായിരുന്നുവെന്ന കാരണത്താൽ മാത്രം ഫോം 6 സമർപ്പിച്ചതിൻറെ പേരിൽ ജനപ്രാതിനിധ്യ നിയമം 1950 ലെ വകുപ്പ് 31 പ്രകാരം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് (ഇആർഒ) നടപടികൾ സ്വീകരിക്കാനാവില്ലെന്നും കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം, ബന്ധപ്പെട്ട പാർലമെൻറ് അല്ലെങ്കിൽ നിയമസഭാ മണ്ഡലത്തിന് പുറത്തുള്ള മറ്റൊരു മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ അപേക്ഷകൻറെ പേര് നിലവിൽ ഉൾപ്പെട്ടിട്ടില്ലെന്നും അപേക്ഷയിൽ നൽകുന്ന പ്രഖ്യാപനം നിയമാനുസൃതമാണെന്നും ഉറപ്പുവരുത്തണം.ഈ വിശദീകരണത്തിൻറെ അടിസ്ഥാനത്തിൽ എസ്.ഐ.ആർ കരട് വോട്ടർ പട്ടികയിൽ പേരില്ലാത്ത മുൻ വോട്ടർമാർ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഫോം 6 സമർപ്പിക്കണമെന്ന് കമ്മീഷൻ വ്യക്തമാക്കി.

യോഗ ഇൻസ്ട്രക്ടർ അഭിമുഖം 12ന്

നാഷണൽ ആയുഷ് മിഷൻ തിരുവനന്തപുരം ജില്ലയിൽ ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളിലെ യോഗ ഇൻസ്ട്രക്ടർ ഒഴിവുകളിലേക്ക് നവംബർ 11ന് നടത്താൻ നിശ്ചയിച്ചിരുന്ന വാക് ഇൻ ഇന്റർവ്യൂ 12ലേക്ക് മാറ്റി. ബീമാപള്ളി ഉറൂസ് പ്രമാണിച്ച് പ്രാദേശിക അവധിയായതിനാലാണ് തീയതി മാറ്റിയത്.



ഗവേഷകകരെ പരിശീലിപ്പിക്കാനായി സിഎംഎഫ്ആർഐ നടത്തുന്ന 21 ദിവസത്തെ വിന്റർ സ്കൂൾ ഐസിഎആർ അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ ദേവിക പിള്ള ഉദ്ഘാടനം ചെയ്യുന്നു.



ബീമാപള്ളിയിൽ ഉറൂസ് കൊടിയേറിയപ്പോൾ

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



ഉന്നതവിദ്യാഭ്യാസ കൗൺസിൽ ചെയർപേഴ്സൺ ഡോ അച്യുത് ശങ്കർ എസ് കുഫോസ് അധ്യാപകരുമായി സംവദിക്കുന്നു

ഫലാധിഷ്ഠിത വിദ്യാഭ്യാസത്തിൽ കുഫോസിൽ സംവേദനാത്മക സെഷൻ സംഘടിപ്പിച്ചു

കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയുടെ (കുഫോസ്) ആന്തരിക ഗുണനിലവാര ഉറപ്പുസെല്ലിന്റെ (ഐക്യുഎസി) നേതൃത്വത്തിൽ 'ഫലാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം' എന്ന വിഷയത്തിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (കെഎസ്എച്ച്ഇസി) ചെയർപേഴ്സൺ ഡോ. അച്യുത്ശങ്കർ എസ്. നായർ അധ്യാപകരുമായി സംവദിച്ചു.പഠനഫലങ്ങൾ, വിദ്യാഭ്യാസ പരിഷ്കാരങ്ങൾ, ഫലാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രായോഗിക വശങ്ങൾ എന്നിവ ചർച്ചയുടെ ഭാഗമായി. സാങ്കേതികവിദ്യയുടെ സ്വാധീനത്തിൽ വളരുന്ന ജെൻ സി, ജെൻ ആൽഫ തലമുറകളെ എങ്ങനെ ഫലപ്രദമായി പഠിപ്പിക്കാം, വിദ്യാർഥികളുടെ അഭിരുചികൾക്കും പഠനശേഷിക്കും അനുയോജ്യമായ അധ്യാപനരീതികളും പാഠ്യപദ്ധതിയും എങ്ങനെ രൂപപ്പെടുത്താം തുടങ്ങിയ വിഷയങ്ങളും ചർച്ചയായി. മാറുന്ന തലമുറയുടെ ആവശ്യങ്ങൾക്കനുസരിച്ച് അധ്യാപന-പരീക്ഷാ രീതികളിൽ വരുത്തേണ്ട മാറ്റങ്ങൾ, പൊതുവിദ്യാഭ്യാസ - സ്വകാര്യവത്കരണത്തിന്റെ ഗുണദോഷങ്ങൾ, നാലുവർഷ ബിരുദ പ്രോഗ്രാമുമായി ബന്ധപ്പെട്ട സംശയങ്ങൾ എന്നിവയിൽ അധ്യാപകർ ഉന്നയിച്ച ചോദ്യങ്ങൾക്കും ഡോ. അച്യുത് ശങ്കർ മറുപടി നൽകി.

ചടങ്ങിൽ കുഫോസ് ഡയറക്ടർ ഓഫ് പ്ലാനിംഗ് ഡോ. രഞ്ജിത് കെ., സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്മെന്റ് പ്ലാൻ (കഇജ) 'കുഫോസ് @2040' കെഎസ്എച്ച്ഇസി ചെയർപേഴ്സൺ കൈമാറി. കുഫോസ് വൈസ് ചാൻസലർ ഡോ. എ. ബിജുകുമാർ, കെഎസ്എച്ച്ഇസി മെമ്പർ സെക്രട്ടറി ആബിദ ഫറൂഖി, രജിസ്ട്രാർ ഡോ. കെ. ദിനേശ്, ഐക്യുഎസി കോർഡിനേറ്റർ ഡോ. മായാ രാമൻ, ഫാക്കൽറ്റി ഓഫ് ഫിഷറീസ് എൻജിനീയറിങ് ഡീൻ ഡോ. അനു ഗോപിനാഥ് എന്നിവരും സംസാരിച്ചു

സയൻസ് ഫോർ സൊലൂഷൻ : അപേക്ഷ ക്ഷണിച്ചു

സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 39-ാമത് കേരള ശാസ്ത്ര കോൺഗ്രസിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പ്രാദേശിക പ്രശ്നങ്ങൾ കണ്ടെത്തി, ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും അധിഷ്ഠിതമായ നൂതനവും പ്രായോഗികവുമായ പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനായി സയൻസ് ഫോർ സെലൂഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നു. 15 മുതൽ 25 വയസ്സുവരെയുള്ള യുവജനങ്ങൾക്ക് 2 മുതൽ 5 വരെ അംഗങ്ങളുള്ള ടീമുകളായി പരിപാടിയിൽ പങ്കെടുക്കാം. തിരഞ്ഞെടുക്കപ്പെടുന്ന മികച്ച പ്രശ്നപരിഹാര നിർദ്ദേശത്തിന് 50,000 ക്യാഷ് അവാർഡും പ്രശസ്തിപത്രവും ലഭിക്കും. ടീമുകൾക്ക് ഓൺലൈനായി അപേക്ഷിക്കാം. അവസാന തീയതി ഡിസംബർ 15. വിവരങ്ങൾക്ക്: https://kscnew.kerala.gov.in/sciosl/

യുഡിഐഡി കാർഡ് വിതരണത്തിൽ മികച്ച മുന്നേറ്റവുമായി കേരളം

അപേക്ഷകളിൽ 95 ശതമാനവും തീർപ്പാക്കി

സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്കുള്ള ഏകീകൃത തിരിച്ചറിയൽ രേഖയായ യുഡിഐഡി (യുണീക്ക് ഡിസെബിലിറ്റി ഐഡി) കാർഡ് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ കേരളം ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. കേന്ദ്രസർക്കാർ പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ലഭിച്ച ആകെ 5,21,250 അപേക്ഷകളിൽ 4,95,482 എണ്ണവും തീർപ്പാക്കി കഴിഞ്ഞു. ഇത് മൊത്തം അപേക്ഷകളുടെ 95.06 ശതമാനമാണ്. ഇതിനകം 4,54,789 പേർക്ക് കാർഡുകൾ വിതരണം ചെയ്തപ്പോൾ നിലവിൽ 25,768 അപേക്ഷകൾ മാത്രമാണ് ബാക്കിയുള്ളത്. അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും കാർഡ് ലഭ്യമാക്കി സംസ്ഥാനത്ത് സമ്പൂർണ നേട്ടം കൈവരിക്കുകയാണ് ലക്ഷ്യമെന്ന് സാമൂഹ്യനീതി വകുപ്പ് അറിയിച്ചു.

പദ്ധതിയുടെ സംസ്ഥാനതല ഏകോപനത്തിനായി എല്ലാ ജില്ലാ കളക്ടറേറ്റുകളിലും നോഡൽ ഓഫീസർമാരെ നിയോഗിക്കുകയും ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സർട്ടിഫിക്കറ്റ് ഇല്ലാത്തവർക്കായി 113 സർക്കാർ ആശുപത്രികളിലൂടെയുള്ള പരിശോധനകൾക്ക് പുറമെ, കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനവ്യാപകമായി പ്രത്യേക ഭിന്നശേഷി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കും. ഇത്തരത്തിലുള്ള 24,701 അപേക്ഷകർക്ക് അടുത്ത രണ്ട് മാസത്തിനകം കാർഡുകൾ ലഭ്യമാക്കും. അതേസമയം നിലവിൽ സാധുവായ സർട്ടിഫിക്കറ്റ് കൈവശമുള്ള 1,067 പേർ വീണ്ടും പരിശോധനയ്ക്ക് വിധേയരാകേണ്ടതില്ലെന്നും ജില്ലാ മെഡിക്കൽ ഓഫീസർമാർ വഴി ഇവർക്ക് ഉടൻ കാർഡ് വിതരണം ചെയ്യുമെന്നും വകുപ്പ് അറിയിച്ചു.

മെഡിക്കൽ ബോർഡുകളിലെ ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ സ്വകാര്യ മേഖലയിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ കൂടി ബോർഡുകളിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ എസ് ഒപി പ്രകാരം രണ്ട് മാസത്തിനിടെ അഞ്ച് തവണ അറിയിപ്പ് നൽകിയിട്ടും മെഡിക്കൽ പരിശോധനയ്ക്ക് എത്താത്തവർ, ഭിന്നശേഷി സ്ഥിരീകരിക്കാത്തവർ, മരണപ്പെട്ടവർ എന്നിവരുടെ അപേക്ഷകൾ ഒഴിവാക്കി പോർട്ടലിലെ അനാവശ്യ പെൻഡിങ് കുറയ്ക്കാനും നടപടിയുണ്ടാകും. ഇതുവരെ രജിസ്റ്റർ ചെയ്യാത്ത ഭിന്നശേഷിക്കാരെ കണ്ടെത്താൻ പ്രത്യേക സർവേ നടത്തും. മെഡിക്കൽ ബോർഡിന്റെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് 90 ദിവസത്തിനുള്ളിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ നൽകാൻ അവസരമുണ്ട്.

ജില്ലാതല കണക്കുകൾ പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ പേർക്ക് യുഡിഐഡി കാർഡ് വിതരണം ചെയ്തത് മലപ്പുറം ജില്ലയിലാണ്. ഏറ്റവും കുറവ് പെൻഡിങ് അപേക്ഷകളുള്ളത് വയനാട് ജില്ലയിലുമാണ്. റവന്യൂ, ആരോഗ്യം, തദ്ദേശ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായി ഏകോപിപ്പിച്ചാണ് ബാക്കിയുള്ള അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നത്.

പരീക്ഷാ പരിഷ്കരണം; ഉന്നതതല സമിതിയുമായി മുഖ്യമന്ത്രി ചർച്ച നടത്തി

രാജ്യത്തെ പരീക്ഷാ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആലോചിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെത്തിയ പരീക്ഷാ പരിഷ്കരണങ്ങൾക്കായുള്ള ഉന്നതതല സമിതി (ഒശഴവജീംല്യലറ ഠമസെ എീൃരല ീി ഋഃമാഞലളീൗേ) പ്രതിനിധികളുമായി മുഖ്യമന്ത്രി വി.ഡി സതീശൻ ചർച്ച നടത്തി.

ഐ.എസ്.ആർ.ഒ മുൻ ചെയർമാൻ ഡോ. എസ്. സോമനാഥ്, സമിതി സ്ഥിരം ക്ഷണിതാവ് ശങ്കർ മാരുവാഡ, ദേശീയ റിക്രൂട്ട്മെന്റ് ഏജൻസി സെക്രട്ടറി-കം-പരീക്ഷാ കൺട്രോളറും കേന്ദ്ര പേഴ്സണൽ ആൻഡ് ട്രെയിനിങ് വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുമായ പി. ബാലകിരൺ എന്നിവരായിരുന്നു സംഘത്തിലുണ്ടായിരുന്നത്.

നിലവിലെ പരീക്ഷാ സംവിധാനങ്ങൾ വിലയിരുത്തുന്നതിനൊപ്പം പരീക്ഷകൾ കൂടുതൽ സുതാര്യമായും സുരക്ഷിതമായും ഉത്തരവാദിത്തത്തോടെയും കാര്യക്ഷമമായും നടത്തുന്നതിനുള്ള മാർഗങ്ങളും ചർച്ച ചെയ്തു. പരീക്ഷാ രീതികൾ, ചോദ്യപേപ്പറുകളുടെയും പരീക്ഷാ നടത്തിപ്പിന്റെയും സുരക്ഷ, പരീക്ഷാ സ്ഥാപനങ്ങളുടെ പ്രവർത്തനം എന്നിവ സംബന്ധിച്ചും അഭിപ്രായങ്ങൾ പങ്കുവെച്ചു. കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാരീതി (ഇആഠ) നടപ്പാക്കുന്നതും അതിനാവശ്യമായ സ്ഥാപനപരവും സാങ്കേതികവുമായ ക്രമീകരണങ്ങളും ചർച്ചയിലെ പ്രധാന വിഷയങ്ങളായിരുന്നു. പരീക്ഷാ സംവിധാനത്തെ കൂടുതൽ വിശ്വാസ്യതയുള്ളതും സുരക്ഷിതവും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുള്ള വിവിധ പരിഷ്കരണങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു.

ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ, പൊതുവിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദ്ദീൻ, ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി. അശോക്, ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. അച്യുത്ശങ്കർ എസ്., മുഖ്യമന്ത്രിയുടെ സെക്രട്ടറി രത്തൻ കേൽക്കർ, ഒ.എസ്.ഡി ഉമേഷ് എൻ.എസ്.കെ., പൊതുവിദ്യാഭ്യാസ ഡയറക്ടർ അരുൺ കെ. വിജയൻ, പ്രവേശന പരീക്ഷാ കമ്മീഷണറും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുമായ ആസിഫ് കെ. യൂസഫ് , മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. വിശ്വനാഥ് ഡി., പ്രവേശന പരീക്ഷാ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ മനോജ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.



കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അയ്യങ്കാളി ഹാളിൽ സംഘടിപ്പിച്ച വൈജ്ഞാനിക പുസ്തകോത്സവത്തിന്റെ സമാപന സമ്മേളനം സാംസ്കാരിക വകുപ്പ് മന്ത്രി പി. സി. വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യുന്നു.

സാഹസിക ടൂറിസം പരിശീലനത്തിന് അപേക്ഷിക്കാം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസും കേരള അഡ്വെഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും സംയുക്തമായി നടത്തുന്ന സാഹസിക ടൂറിസം പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏഴ് ദിവസത്തെ 'അഡ്വഞ്ചർ ആക്ടിവിറ്റി അസിസ്റ്റന്റ്' കോഴ്സിന്റെ ആറാമത് ബാച്ചിലേക്കാണ് പരിശീലനം. എട്ടാം ക്ലാസ് വിജയിച്ചവരായിരിക്കണം. പ്രായപരിധി 18 - 45 വയസ്സ്. നവംബർ 17-ന് ആരംഭിക്കുന്ന ഈ ബാച്ചിൽ ചേരുന്നതിനായി വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്, റെസിഡൻസി, തൈക്കാട്, തിരുവനന്തപുരം - 695014 വിലാസത്തിൽ നവംബർ 13നകം ലഭ്യമാക്കണം. വിവരങ്ങൾക്ക് : kittstraining@gmail.com, 8129816664

പട്ടികജാതി ഗവേഷണ വിദ്യാർഥികളുമായി മന്ത്രി നേരിട്ട് സംവദിക്കും

സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ 2015 മുതൽ 2025 വരെ ഗവേഷണത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവേഷണ വിദ്യാർഥികളിൽ വിവിധ കാരണങ്ങളാൽ ഗവേഷണം മുടങ്ങുകയോ ഉപേക്ഷിക്കുകയോ ചെയ്തിട്ടുള്ള വിദ്യാർഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി വിദ്യാർഥികളുമായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പു മന്ത്രി നേരിട്ട് സംവദിക്കുന്നു. ഇത്തരത്തിൽ ഗവേഷണം മുടങ്ങുകയോ ഉപേക്ഷിക്കുകയോ ചെയ്തിട്ടുള്ള പട്ടികജാതി വിദ്യാർഥികൾ അതത് ജില്ലാ പട്ടികജാതി വികസന ഓഫീസുകളുമായി ബന്ധപ്പെട്ട് വിവരങ്ങൾ നൽകണം. വിവരങ്ങൾക്ക്: 0471 2315375.

താത്പര്യപത്രം ക്ഷണിച്ചു

സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ മുതിർന്ന പൗരന്മാർക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്റെ ഭാഗമായി 'എൽഡർ ഫ്രണ്ട്ലി ഓഫീസ് സർട്ടിഫിക്കേഷൻ' പദ്ധതി നടപ്പിലാക്കാൻ യോഗ്യരായ സ്ഥാപനങ്ങളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു. നവംബർ 20 വൈകിട്ട് 5 നകം സമർപ്പിക്കണം. വിവരങ്ങൾക്ക്: swdkerala@gmail.com, 0471-2306040.

താത്പര്യപത്രം ക്ഷണിച്ചു

ഐ.എം.ജി. തിരുവനന്തപുരം ക്യാമ്പസിൽ ഓഫീസേഴ്സ് മെസ്, ഹോസ്റ്റൽ മെസ്, കാമ്പസ് കാന്റീൻ എന്നിവയുടെ നടത്തിപ്പിനായി താത്പര്യപത്രം ക്ഷണിച്ചു. പരിചയസമ്പന്നരും അംഗീകൃത രജിസ്ട്രേഷനുമുള്ള കാറ്ററിങ് ഏജൻസികൾ, ഹോസ്പിറ്റാലിറ്റി സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, കുടുംബശ്രീ കാറ്ററിങ് യൂണിറ്റുകൾ എന്നിവയ്ക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോമും മറ്റു വിവരങ്ങളും www.img.kerala.gov.in ൽ ലഭ്യമാണ്. അവസാന തീയതി നവംബർ 21 വൈകിട്ട് അഞ്ച് മണി. വിവരങ്ങൾക്ക്: 0471 2780806.

ക്വട്ടേഷൻ

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വെള്ളയമ്പലം അയ്യൻകാളി ഭവനിലെ കാന്റീൻ പ്രവർത്തിപ്പിക്കുന്നതിന് താത്പര്യമുള്ള വരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. വിവരങ്ങൾക്ക്: 0471 2310761.

മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡ്: ഉദ്യോഗസ്ഥരെ നിയമിക്കുന്നു

2017 -ലെ മെന്റൽ ഹെൽത്ത്കെയർ ആക്ടിലെ സെക്ഷൻ 73 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ച മെന്റൽ ഹെൽത്ത് റിവ്യൂ ബോർഡുകളിൽ വിവിധ തസ്തികകളിലെ ഉദ്യോഗസ്ഥരുടെ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. നവംബർ 26 നകം അപേക്ഷിക്കണം. വിവരങ്ങൾക്ക്: www.ksmha.org

സംരക്ഷ പോർട്ടലിൽ രജിസ്റ്റർ ചെയ്യണം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിങ് ബോർഡ് ഡിജിറ്റലൈസേഷന്റെ ഭാഗമായി സംരക്ഷ പോർട്ടലിൽ ലൈസൻസുകൾ/ പെർമിറ്റുകൾ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത ലൈസൻസ്/ പെർമിറ്റ് ഹോൾഡേഴ്സ് ഡിസംബർ 15ന് മുൻപായി www.samraksha.ceikerala.gov.in ൽ രജിസ്ട്രേഷൻ പൂർത്തിയാക്കണം. വിവരങ്ങൾക്ക്: 0471-2339233

